ഹോളിഫാമിലി ഫൊറോനാ ദൈവാലയം, പൊൻകുന്നം

# തിരുക്കുടുംബം

PARISH BULLETIN

ഉയിർപ്പുകാലം - 2017

Vol.9 Issue 2



ഞാൻ ഉറങ്ങി,
എന്റെ ഹൃദയം ഉണർന്നിരിക്കുന്നു.



## ഷാന്റി വർഗ്ഗീസ്

**കൊച്ചുപറമ്പിൽ**

**മരണം : 10 – 4 – 2007**

# ഉള്ളടക്കം


| | | |
|---|---|---|
| മുഖമൊഴി | – | 2 |
| ഇടയമൊഴി | – | 3 |
| വിളക്ക് | – | 5 |
| ഇടവക വിശേഷങ്ങളിലൂടെ | – | 7 |
| നിയമബോധനം | – | 13 |


## എഡിറ്റോറിയൽ ബോർഡ്


| | | |
|---|---|---|
| മാനേജിംഗ് എഡിറ്റർ | - ഫാ. ജോസഫ് വെള്ളമറ്റം | 9447867873 |
| ചീഫ് എഡിറ്റർ | - ഫാ. ജോസഫ് അറയ്ക്കപ്പറമ്പിൽ | 9562765688 |
| സബ് എഡിറ്റേഴ്സ് | - റോബിൻ കട്ടിക്കാരൻ | 9446602386 |
| | - വർഗീസ് മുതുപ്ലാക്കൽ | 9446201068 |
| കമ്മറ്റി അംഗങ്ങൾ | - സുനിൽ പനയ്ക്കൽ | |
| | സൂസൻ വെട്ടിക്കൊമ്പിൽ | |
| | കിറ്റിൻ ഗോൾഡ്ഹിൽ | |
| | കുസുമം ഗോൾഡ്ഹിൽ | |
| | മരിയ മടുക്കക്കുഴി | |



Published by : The Vicar, Holy Family Forane Church,
Ponkunnam. Ph: 04828- 221368

2017 മെയ് ലക്കം

Layout & Printing: General Offset PNKM Ph: 222564, 9495496974

മുഖമൊഴി

# ഉയിർപ്പുതിരുനാൾ

അമർത്യതയുടെ നിത്യസൗഭാഗ്യത്തിലേയ്ക്കുള്ള വാതിൽ കർത്താവ് തന്റെ കുരിശുമരണത്തിലൂടെയും ഉത്ഥാനത്തിലൂടെയും തുറന്നിരിക്കുന്നു. വേദനകളുടെയും പോരായ്മകളുടെയും പരാജയങ്ങളുടെയും അപ്പുറത്തേയ്ക്ക് നീളുന്ന ശാശ്വതമായ വിജയമാണ് ഉയിർപ്പിന്റെ ലഹരി.

ജീവിക്കുന്നവനെ മരിച്ചവരുടെയിടയിൽ തേടരുത് എന്നത് വി. ഗ്രന്ഥത്തിൽ നാം കാണുന്ന ഉത്ഥാനസന്ദേശമാണ്. കർത്താവ് തന്റെ നിണമൊഴുക്കി നേടിയെടുത്ത നമ്മുടെ ജീവിതങ്ങളിൽ മരവിപ്പിക്കുന്ന അന്ധവിശ്വാസങ്ങളും ആശങ്കകളും ഭരിക്കാതിരിക്കട്ടെ. ഈ ലോകജീവിതത്തിനുശേഷം സ്വർഗ്ഗീയ സൗഭാഗ്യത്തിലേയ്ക്ക് ജനിച്ചുവീഴുവാൻ പാപത്തിന് നാം മരിക്കണം. ഉത്ഥാനം എന്നത് കേവലം പുനർജീവിതം അല്ല. മറിച്ച്, മർത്യതയുടെ പരിമിതികൾക്കപ്പുറത്തേയ്ക്കുള്ള പ്രയാണമാണ്.

ഈ പ്രയാണത്തിൽ വാചാലമാകേണ്ടത് മുറിവുകളാണ്. കാരണം, ഉത്ഥിതനായ മിശിഹായ്ക്ക് കാണിക്കുവാനുണ്ടായിരുന്നത് അവന്റെ മുറിവുകളാണ്. കർത്താവ് കാട്ടിയ കരുതലുള്ള സ്നേഹത്തിന്റെ തിരുശേഷിപ്പുകളാണ് ഈ മുറിവുകൾ. സഹോദരനുവേണ്ടി സഹിച്ചതിന്റെ മുറിപ്പാടുകൾ കാട്ടാൻ കഴിയുന്നിടത്താണ് നമ്മുടെ ഉയിർപ്പ്. ഈ മുറിപ്പാടുകളാവട്ടെ നമ്മുടെ ഉത്ഥാനാഘോഷം. ഉത്ഥാനശേഷവും ഉയിർക്കാത്തവരായി മാറാതെ കർത്താവിന്റെ വാഗ്ദാനങ്ങളിലേയ്ക്ക് പ്രവേശിക്കാൻ നമ്മുക്ക് സാധിക്കട്ടെ എന്ന് ആശംസിക്കുന്നു.

ഉയിർപ്പുതിരുനാളിന്റെ മംഗളങ്ങൾ ഏവർക്കും പ്രാർത്ഥനയോടെ നേരുന്നു.






ഈശോയിൽ പ്രിയ സ്നേഹിതരേ,

മരിച്ചവരിൽനിന്നുള്ള ഈശോയുടെ ഉത്ഥാനമാണ് ക്രൈസ്തവ വിശ്വാസത്തിന്റെ അടിസ്ഥാനം. അതു കൊണ്ടുതന്നെ സഭയിലെ ഏറ്റവും വലിയ തിരുനാളാണ് ഈസ്റ്റർ. തിരുവുത്ഥാനത്തിന്റെ സന്തോഷവും സമാധാനവും ഈശോ നമ്മുടെ ഹൃദയങ്ങളിൽ നിറയ്ക്കട്ടെ.

പീഡാനുഭവ വെള്ളി കഴിഞ്ഞുവരുന്ന വെള്ളി അതായത് ഉയിർപ്പുകാലത്തിലെ ആദ്യത്തെ വെള്ളിയാഴ്ച രക്തസാക്ഷികളുടെ തിരുനാളായി സഭയിൽ ആചരിച്ചിരുന്നു. തങ്ങളുടെ സഹനത്തിലൂടെ മിശിഹായുടെ പീഡാനുഭവങ്ങളുമായി ഒന്നായിത്തീർന്ന വേദസാക്ഷികളുടെ സ്മരണ പീഡാനുഭവവെള്ളിയെ തുടർന്നു വരുന്ന വെള്ളിയാഴ്ച ആചരിക്കുന്നത് തികച്ചും ഉചിതമാണല്ലോ. ആദിമ സഭ രക്തസാക്ഷികളെയാണ് വിശുദ്ധരായി പരിഗണിച്ചിരുന്നത്. കാലക്രമത്തിൽ ഉയിർപ്പുകാലത്തെ ആദ്യത്തെ വെള്ളിയാഴ്ച സകല വിശുദ്ധരുടെയും ഓർമ്മ ആചരിക്കുന്ന രീതി നിലവിൽ വന്നു. അന്ന് മാംസ വർജ്ജനമില്ല.

ദശാംശ സമർപ്പണത്തിന് രൂപതാ കേന്ദ്രത്തിൽ നിന്ന് നൽകിയിട്ടുള്ള കവറുകൾ എല്ലാ വീടുകളിലും എത്തിയെന്ന് കരുതുന്നു. കൂട്ടായ്മാ ലീഡർമാർ കവറുകൾ സമാഹരിച്ച് പുതുഞായർ ദിനത്തിൽ രാവിലെ 7 മണിക്കുള്ള വിശുദ്ധ കുർബ്ബാന മദ്ധ്യേ ദൈവാലയത്തിൽ സമർപ്പിക്കേണ്ടതാണ്.

അവധിക്കാലം കുട്ടികളുടെ സാന്നിദ്ധ്യംകൊണ്ട് കുടുംബാന്തരീക്ഷം കൂടുതൽ സജീവമാകുന്ന കാലഘട്ടമാണല്ലോ. സാധിക്കുമെങ്കിൽ കുടുംബാംഗങ്ങൾ ഒന്നിച്ച് ഇടദിവസങ്ങളിലും ദിവ്യബലിയ്ക്ക് വരുന്നത് നന്നായിരിക്കും. ഒന്നിച്ചുള്ള ഭക്ഷണം, വിനോദ പരിപാടികൾ, ചെറിയ യാത്രകൾ, ബന്ധുജനങ്ങളെ സന്ദർശിക്കൽ, ഒന്നിച്ചുള്ള കൃഷിപ്പണികൾ, പാചക പരിശീലനം എന്നിവയെല്ലാം ഗൃഹാന്തരീക്ഷത്തെ

സന്തോഷകരമാക്കും. കുട്ടികൾക്ക് അവയെല്ലാം പരിശീലനവുമാകുമല്ലോ. കുടുംബ പ്രാർത്ഥനയുടെ പ്രഥമസ്ഥാനത്തിന് ഒരിക്കലും കോട്ടം തട്ടാതിരിക്കട്ടെ.

ഉയിർപ്പിന്റെ മഹിമയും സന്തോഷവും നാമെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ.

സ്നേഹത്തോടെ,

**ഫാ. ജോസഫ് വെള്ളമറ്റം** (വികാരിയച്ചൻ)

## വെള്ളം ഇറക്കാതെ എത്രനാൾ ...... !!!?

*പുരപ്പുറത്തു വീഴുന്ന മഴവെള്ളത്തെ കിണറ്റിലേയ്ക്ക് ഇറക്കുന്നതാണ് കിണർ റീ ചാർജിംഗ്. (കിണറിന്റെ സമീപം ഇറക്കിയാലും മതി).*

*ഈ വെള്ളം ഉറവകളെ സമ്പന്നമാക്കും. ഇത് മൂന്നു വർഷം തുടർന്നാൽ നമ്മുടെ കിണറിനേയും വറ്റാത്ത കിണറാക്കും. (അനുഭവ കഥകൾ ധാരാളം). കിണർ റീ ചാർജിംഗിന് വിവിധ മാർഗ്ഗങ്ങൾ ! പലതും ചിലവു കുറഞ്ഞവ !!*

*സബ്സിഡിയും സാങ്കേതിക സഹായവും പല പഞ്ചായത്തുകളിലും ലഭ്യം !!*

*മഴവെള്ളം ഭൂമിയിലേയ്ക്ക് കിനിഞ്ഞിറങ്ങാനുള്ള സ്ഥലങ്ങളെല്ലാം വികസനത്തിന്റെ കോൺക്രീറ്റ് മൈതാനങ്ങളായപ്പോൾ, കിണറുകളുടെയും കുളങ്ങളുടെയും എണ്ണം കുറഞ്ഞപ്പോൾ, മരങ്ങൾ മരിച്ച് വീണപ്പോൾ .... ഭൂമിയുടെ തൊണ്ട വരണ്ടുതുടങ്ങി.*

*നമ്മുടെ ചിന്തകളിലേയ്ക്ക് ജലസാക്ഷരതാ പാഠങ്ങളും ജല സുരക്ഷാ ശീലങ്ങളും ഇനി എന്നാണ് കിനിഞ്ഞിറങ്ങുക?*

*ഈ വർഷം ഒരിറ്റ് വെള്ളത്തിനുവേണ്ടി നാം എത്ര ദാഹിച്ചു. !!*

*വരും വർഷങ്ങളിൽ ഇതുണ്ടാകാതിരിക്കട്ടെ!!*

*ഇനി പെയ്യുന്ന മഴ നമ്മുടെ സ്വന്തം കിണറുകളിലേയ്ക്കും ഉറവകളിലേയ്ക്കും നമ്മുടെ പറമ്പിന്റെ ആഴങ്ങളിലേയ്ക്കും ആഴ്ന്നിറങ്ങട്ടെ.*

***വർഗ്ഗീസ് മുതുപ്ലാക്കൽ, പൊൻകുന്നം***

## വിളക്ക്

**ഫാ. ജോസഫ്**
**അറയ്ക്കപ്പറമ്പിൽ**



എല്ലാ താഴ്ചകൾക്കും ഒരു ഉയർച്ചയുണ്ടെന്ന് ഈശോയുടെ ഉയിർപ്പ് നമ്മെ ഓർമ്മപ്പെടുത്തുകയാണ്. നമ്മുടെ ജീവിതത്തിലും എല്ലാ സഹനത്തിനുമപ്പുറം നല്ലൊരു വിജയമുണ്ട്. അതിനായി നമുക്ക് കാത്തിരിക്കാം. രണ്ടായിരാമാണ്ടിൽ റോമൻ കൂരിയായെ ധ്യാനിപ്പിക്കാൻ ദിവംഗതനായ പരിശുദ്ധപിതാവ് ജോൺപോൾ രണ്ടാമൻ ക്ഷണിച്ചത് വിയറ്റ്നാമിൽ നിന്നുള്ള വാൻത്വാൻ എന്ന മെത്രാനെയാണ്. ദൈവത്തിൽ വിശ്വസിക്കുന്നു എന്നതിന്റെ പേരിൽ ഏകാന്ത തടവിന് കമ്മ്യൂണിസ്റ്റ് ഭരണകൂടം നീണ്ട പതിമൂന്ന് വർഷം വിധിച്ച മെത്രാനായിരുന്നു വാൻ ത്വാൻ. കാപ്പി കുടിക്കുന്നതിന്റെ ഇടയിൽ പരി. പിതാവ് മെത്രാനോട് ചോദിച്ചു "താങ്കൾ എന്തിനെക്കുറിച്ചാണ് ഇന്ന് ഞങ്ങളെ ധ്യാനിപ്പിക്കാൻ പോവുന്നത്". വാൻ ത്വാൻ എന്ന മെത്രാൻ തന്റെ കരങ്ങൾ പരി. പിതാവിന് മുമ്പിൽ തുറന്നു പിടിച്ചിട്ട് പറഞ്ഞു, "പരി. പിതാവേ, കഴിഞ്ഞ പതിമൂന്ന് വർഷക്കാലം കമ്മ്യൂണിസ്റ്റ് ഭരണകൂടത്തിനുകീഴിൽ ഏകാന്ത തടവിന് വിധിക്കപ്പെട്ടപ്പോൾ രാത്രിയുടെ ഇരുണ്ട യാമത്തിൽ ആരും കാണാതെ വലതുകയ്യിൽ മൂന്നുതുള്ളി വീഞ്ഞും അതിൽ ഒരുതുള്ളി വെള്ളവുമൊഴിച്ച് ഇടതുകയ്യിൽ അപ്പത്തിന്റെ ഏതാനും പൊടിക്കഷണങ്ങളുമിട്ട് ഞാൻ വി.ബലിയർപ്പിച്ചു. അപ്പോഴൊക്കെ വി.ബലിയിൽ എഴുന്നള്ളി വരുന്ന കർത്താവിനോട് ഞാൻ പ്രാർത്ഥിച്ചത് ഒന്നു മാത്രമാണ്. എന്റെ വിശ്വാസത്തെ കാത്തുസൂക്ഷിക്കാനുള്ള വരം തരണമേ എന്ന്. കാസയും പീലാസയും എന്റെ കരങ്ങളിൽ തലങ്ങനെയും വിലങ്ങനെയും വച്ച് സ്വർഗ്ഗത്തിലേക്കെത്തുമ്പോൾ അതിൽകിടന്ന് ക്രൂശിതൻ പ്രത്യാശയെക്കുറിച്ച് എന്നോട് സംസാരിക്കുമായിരുന്നു. ക്രൂശിതൻ എന്നെ പഠിപ്പിച്ച പ്രത്യാശയെക്കുറിച്ച് ഞാൻ നിങ്ങളോട് പറയാം". ആ മെത്രാന്റെ പ്രത്യാശ നമ്മുടെയും ജീവിതത്തിൽ ഉണ്ടാകണം, ഏതു വേദനയിലും തമ്പുരാനോട് ചേർന്നു നിൽക്കുന്ന സ്നേഹം

ഉയിർപ്പുതിരുനാൾ മുതൽ പന്തക്കുസ്താ വരെയുള്ള ഏഴ് ആഴ്ചകളാണ് ഉയിർപ്പുകാലം. രക്ഷകന്റെ ഉത്ഥാനത്തിലൂടെ കൈവന്ന പുതുജീവൻ ആഹ്ലാദിക്കുവാനുള്ള അവസരമാണിത്. ഈ പുതുജീവൻ സ്വായത്തമാക്കുന്നവരാണ് വിശുദ്ധർ. അതുകൊണ്ടാണ് നമ്മുടെ ആരാധനാക്രമത്തിൽ സകലവിശുദ്ധരുടെയും തിരുനാൾ ഉയിർപ്പുകാലത്തെ ആദ്യത്തെ വെള്ളിയാഴ്ച ആഘോഷിക്കുന്നത്. വി. പൗലോസ് അനുസ്മരിപ്പിച്ചതുപോലെ ജ്ഞാനസ്നാനത്താൽ നാം മിശിഹായോടുകൂടി സംസ്കരിക്കപ്പെട്ടു. ക്രിസ്തു മരണശേഷം പിതാവിന്റെ മഹത്വത്തിൽ ഉയിർത്തെഴുന്നേറ്റതുപോലെ നാമും പുതിയ ജീവിതം നയിക്കേണ്ടതിനാണ് അവനോടൊത്ത് സംസ്ക്കരിക്കപ്പെട്ടത് (റോമ.6:4-5). ഉയിർപ്പുകാലത്തെ ആദ്യ ആഴ്ച പുതിയതായി മാമ്മോദീസ സ്വീകരിക്കുന്നവരുടെ ആഴ്ചകൂടിയാണ്. നമ്മുടെ മാമ്മോദീസാ ജീവിതത്തെപ്പറ്റി ധ്യാനിക്കാൻ നല്ല അവസരമാണ് ഉയിർപ്പുകാലം. എല്ലാവർക്കും ഉയിർപ്പുതിരുനാൾ മംഗളങ്ങൾ ആശംസിക്കുന്നു.

## കുരിശപ്പവും ഇണ്ടറിയപ്പവും പാകം ചെയ്യുന്ന വിധം

| | | |
|---|---|---|
| പച്ചരി | - | 1 കിലോ |
| തേങ്ങ | - | 3 എണ്ണം |
| ഉഴുന്ന് | - | 150 ഗ്രാം |
| ചുവന്നുള്ളി | - | 100 ഗ്രാം |
| വെളുത്തുള്ളി | - | 150 ഗ്രാം |
| ജീരകം | - | 25 ഗ്രാം |
| ഉപ്പ് | - | പാകത്തിന് |

നെറ്റിയിൽ കുരിശുവരച്ച് പ്രാർത്ഥിച്ചിട്ട് പാചകം ആരംഭിക്കുക. പച്ചരി നന്നായി പൊടിച്ചത് ഉരുളിയിലിട്ട് വറക്കുക. ചേരുവകൾ ഓരോന്നായി നന്നായി അരച്ച് വെവ്വേറെ എടുക്കണം. ഉഴുന്ന് തലേദിവസം വെള്ളത്തിലിട്ട് കുതിർത്തതിനുശേഷം വേണം അരച്ചെടുക്കാൻ. വാട്ടിയെടുത്ത അരിപ്പൊടിയിൽ കട്ടയുണ്ടെങ്കിൽ തെള്ളിയെടുക്കണം. കൈകൊണ്ട് തേച്ച് കുഴയ്ക്കാൻ

*(ശേഷം 12-ാം പേജ് കാണുക)*



# വലിയ ആഴ്ചയിലെ തിരുക്കർമ്മങ്ങൾ

| | | |
|---|---|---|
| **ഏപ്രിൽ 09 (ഞായർ)** | – | **ഓശാന ഞായർ** |
| 5.15 എ.എം. | - | വി.കുർബ്ബാന |
| 7.00 എ.എം. | - | ഓശാന തിരുക്കർമ്മങ്ങൾ, വി. കുർബ്ബാന |
| 10.00 എ.എം. | - | വി. കുർബ്ബാന |
| 4.00 പി.എം. | - | വി.കുർബ്ബാന |
| **13 (വ്യാഴം)** | | |
| 3.30 പി.എം. | – | **പെസഹാ തിരുക്കർമ്മങ്ങൾ** |
| 5.00 -6.00 പി.എം | - | പൊതുആരാധന |
| **14 (വെള്ളി)** | - | **പീഡാനുഭവ വെള്ളി** |
| 8.00 എ.എം. | - | തിരുക്കർമ്മങ്ങൾ ആരംഭിക്കും.<br>കുരിശിന്റെ വഴി, അതിനുശേഷം കഞ്ഞി |
| **15 (ശനി)** | - | **വലിയ ശനി** |
| 6.30 എ.എം | - | വി.കുർബ്ബാന, വെള്ളം വെഞ്ചെരിപ്പ്,<br>മാമ്മോദീസാ വ്രതനവീകരണം |
| **16 (ഞായർ)** | - | **ഉയിർപ്പ് ഞായർ** |
| 2.40 എ.എം | - | ഉയിർപ്പ് തിരുക്കർമ്മങ്ങൾ |
| 5.15 എ.എം | - | വി. കുർബ്ബാന |
| 7.00 എ.എം | - | വി.കുർബ്ബാന |
| 10.00 എ.എം. | - | വി. കുർബ്ബാന |

4 മണി കുർബാന ഉണ്ടായിരിക്കുന്നതല്ല

## സൺഡേ സ്കൂൾ

1. **മിശിഹാനുഭവ ധ്യാനം**

   സൺഡേ സ്കൂളിൽ 10-ാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്കു വേണ്ടിയുള്ള മിശിഹാനുഭവ ധ്യാനം മെയ് 2 മുതൽ 5 വരെ തീയതികളിൽ തമ്പലയ്ക്കാട് എമ്മാനുവേൽ ധ്യാന കേന്ദ്രത്തിൽവച്ച് നടത്തുന്നതാണ്.

2. **റീ എക്സാം**

   10, 11, 12 ക്ലാസ്സുകളിലെ റീഎക്സാം മെയ് 14-ാം തീയതി 2 മുതൽ 4.30 വരെ നടത്തുന്നതാണ്.

*റോബിൻ കട്ടിക്കാരൻ, ഹെഡ്മാസ്റ്റർ*

## മാതൃവേദി

1. നമ്മുടെ ഇടവകയിൽ പുതുതായി ചാർജ്ജെടുത്ത കൊച്ചച്ചൻ ബഹുമാനപ്പെട്ട ജോസഫ് അറയ്ക്കപ്പറമ്പിലച്ചനെ മാതൃവേദി അംഗങ്ങൾ സ്വാഗതം ചെയ്തു.
2. ബഹുമാനപ്പെട്ട ഡയറക്ടറച്ചന്റെ നേതൃത്വത്തിൽ മാതൃവേദി അംഗങ്ങൾ വാഗമൺ കുരിശുമല തീർത്ഥാടനം നടത്തി
3. ബഹുമാനപ്പെട്ട വികാരിയച്ചന്റെയും കൊച്ചച്ചന്റെയും നാമഹേതുക തിരുനാളിന് മാതൃവേദി അംഗങ്ങൾ ആശംസകളർപ്പിച്ചു.
4. ഫൊറോനാ മതാദ്ധ്യാപക പരിശീലന ക്ലാസിന് (ഉത്ഥാനോത്സവം) ആവശ്യമായ സഹായസഹകരണങ്ങൾ ചെയ്തു കൊടുത്തു.

*ബിന്ദു തേക്കുംതോട്ടം, സെക്രട്ടറി*

## സാരഥി

1 ബഹുമാനപ്പെട്ട കൊച്ചച്ചന് സ്വീകരണം നല്കി

2. രു പേർക്കായി 8000/- രൂപ സഹായം നല്കി

## ചെറുപുഷ്പ മിഷൻലീഗ്

1 പത്രം സ്വരൂപിച്ച് കിട്ടിയ ഫ് ഉപയോഗിച്ച് എട്ടു കുടുംബ ങ്ങൾക്ക് പലചരക്ക് കിറ്റ് വാങ്ങി നൽകി.

2. രൂപതാ ഇലക്ഷനിൽ പങ്കെടുത്തു

**ഷെറി സക്കറിയ (ഓർഗനൈസർ)**



## സി. വൈ. എം. എ.

1. സംഘടനയുടെ ആഭിമുഖ്യത്തിൽ അംഗങ്ങളുടെ മാനസിക ഉല്ലാസം ലക്ഷ്യമാക്കി രാമേശ്വരത്തേക്ക് ഏകദിന വിനോദയാത്ര നടത്തി. 40 അംഗങ്ങൾ സംബന്ധിച്ചു.
2. സംഘടനയുടെ നേതൃത്വത്തിൽ നഴ്സറി സ്കൂൾ വാർഷികം 18-3-17 ശനിയാഴ്ച പാരീഷ് ഹാളിൽ നടന്നു. സംഘടനയുടെ ഡയറക്ടറും നമ്മുടെ വികാരിയച്ചനുമായ റവ.ഫാ. ജോസഫ് വെള്ളമറ്റം അദ്ധ്യക്ഷത വഹിച്ചു. ജില്ലാ പഞ്ചായത്ത് മെമ്പർ അഡ്വ. സെബാസ്റ്റ്യൻ കുളത്തുങ്കൽ മുഖ്യാതിഥിയായിരുന്നു. കുട്ടി ളുടെ വിവിധ കലാപരിപാടികൾ ആസ്വാദ്യകരമായിരുന്നു.
3. ഈ വർഷത്തെ മലയാറ്റൂർ തീർത്ഥാടനം 20-4-17 വ്യാഴാഴ്ച വൈകിട്ട് 8 മണിക്ക് പുറപ്പെടുന്നു. പങ്കെടുക്കാനാഗ്രഹിക്കുന്ന വർ സി.വൈ.എം.എ ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യുക.
4. ഇടവകയുടെ ഫോൺ ഡയറക്ടറിക്കാവശ്യമായ വിവരങ്ങൾ സ്വീരിക്കുന്നതിനുവേണ്ടി സംഘടനാ ഭാരവാഹികൾ ഏപ്രിൽ ആദ്യവാരം മുതൽ കൂട്ടായ്മ അടിസ്ഥാനത്തിൽ ഭവനങ്ങൾ സന്ദർശിക്കുന്നതാണ്.

5. ഇപ്പോൾ വഴി സൗകര്യം ലഭ്യമല്ലാത്ത സംഘടനയുടെ ഉടമസ്ഥതയിലുള്ള വസ്തുവിലേക്ക് 12 അടി വീതിയിൽ വഴി ലഭിക്കുന്നതിനുവേണ്ടി സംഘടനയുടെ വസ്തുവിൽ നിന്നും 2 സെന്റ് വസ്തു പൂവത്താനിക്കുന്നേൽ ഷാജി ജോസഫിന് ദാനയാധാരമായി വ്യവസ്ഥകൾ പ്രകാരം നല്കുവാൻ 26-03-17 ൽ കൂടിയ പൊതുയോഗം തീരുമാനിച്ചു.

റ്റിജോ തേക്കുംതോട്ടം (സെക്രട്ടറി)

## യുവദീപ്തി

1. **സ്വീകരണം നൽകി.**
പൊൻകുന്നം ഇടവകയിലേയ്ക്ക് സഹവികാരിയായി സ്ഥാനമേറ്റ ഫാ. ജോസഫ് അറക്കപ്പറമ്പിൽ അച്ചന് പൊതുയോഗത്തിൽ സ്വീകരണം നൽകി.

2. **പരീക്ഷ ഒരുക്ക ധ്യാനം**
പബ്ലിക് പരീക്ഷ എഴുതുന്ന വിദ്യാർത്ഥികൾക്കായി പൊൻകുന്നം യുവദീപ്തിയുടെ നേതൃത്വത്തിൽ പരീക്ഷയൊരുക്ക ധ്യാനം ഫെബ്രുവരി 24 വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് ഫാ. സെബാസ്റ്റ്യൻ പെരുനിലത്തിന്റെ മുഖ്യകാർമ്മികത്വത്തിൽ നടത്തി. നൂറിലധികം വിദ്യാർത്ഥികൾ പങ്കെടുത്തു.

3. **വാർഷിക ധ്യാനം**
പൊൻകുന്നം തിരുക്കുടുംബ ദൈവാലയത്തിൽ വച്ച് നടത്തിയ വാർഷിക ധ്യാനത്തിന്റെ ഒരുക്കങ്ങളിൽ സഹകരിച്ചു.

4. **ആശംസകൾ നേർന്നു.**
ജോസഫ് നാമധാരികളായ വികാരിയച്ചനും കൊച്ചച്ചനും പൊൻകുന്നം ഇടവകാംഗങ്ങളും യുവജനങ്ങളും നാമഹേതുക തിരുനാൾ ആശംസകൾ നേർന്നു.

5. **50-ാം സുവർണ്ണ ജൂബിലി**
മാർച്ച് 13-ാം തീയതി പൗരോഹിത്യത്തിന്റെ 50-ാം സുവർണ്ണ ജൂബിലി ആഘോഷിച്ച മുൻ വികാരി ഫാ. മാത്യു പിണമറുകിലിന് പൊൻകുന്നം ഇടവകാംഗങ്ങളും യുവജനങ്ങളും ആശംസ നേർന്നു.

6. മലയാറ്റൂർ തീർത്ഥാടനം

യുവദീപ്തിയുടെ നേതൃത്വത്തിൽ മലയാറ്റൂർ തീർത്ഥാടനം ഏപ്രിൽ 12-ാം തീയതി ബുധനാഴ്ച വൈകുന്നേരം 7 മണിക്ക് പുറപ്പെട്ട് 13-ാം തീയതി വ്യാഴാഴ്ച രാവിലെ തിരിച്ചെത്തുന്നു. സീറ്റ് ഒന്നിന് ഭക്ഷണം ഉൾപ്പെടെ 250/- രൂപ. ബുക്കിംഗിന് ബന്ധപ്പെടുക: **7558077082, 9645580659, 9400924807**

*അഖിൽ കൊല്ലമല (സെക്രട്ടറി)*

## വിൻസെൻഷ്യൻ വേദി

രോഗികൾക്ക് ചികിത്സാ സഹായമായി 19,000/- രൂപായും ഭവന നിർമ്മാണത്തിനായി 5200/- രൂപയും നൽകി.



## തിരുസ്സഭയിലെ നവസൂനങ്ങൾ

1. മരിയ - മുട്ടത്തുപാലേക്കുഴിയിൽ
2. മേരി - കരിയനാട്ട്
3. ജോസഫ് - പനയ്ക്കൽ
4. തെരേസ് - പഴുക്കാപ്പറമ്പിൽ
5. സഖറിയാ - പാഴൂർ
6. ജോസഫ് - മടുക്കാവിൽ
7. തോമസ് - നിരപ്പേൽ
8. അലക്സ് - പൂലാനിമറ്റത്തിൽ
9. ജോസഫ് - പള്ളിപ്പറമ്പിൽ
10. ആൻ ട്രീസാ - അട്ടക്കുഴിവയലിൽ
11. ജോസഫ് - കുഴിവേലിക്കുഴിയിൽ
12. തോമസ് - മണ്ണംപ്ലാക്കൽ

## ഓർമ്മകളിലേയ്ക്ക്

1. ജോൺ തഴയ്ക്കൽ
2. ജോസ് പുതുപ്പറമ്പിൽ
3. സി.യു. എബ്രഹാം ചങ്ങാലിക്കുഴിയിൽ

## നമ്മൾ ഒന്നായി

1. അരുൺ - നിമ്മി കുരീക്കാട്ട്

*6-ാം പേജ് തുടർച്ച...*

പാകത്തിന് പരന്ന ഉരുളിയെടുക്കുന്നത് ഉചിതം. ഉരുളിയിൽ പൊടിയിട്ട് ചേരുവകൾ കുറേശ്ശെയിട്ട് ആവശ്യത്തിന് ഉപ്പ് ചേർത്ത് നന്നായി തേച്ചെടുക്കുക. പൊടി കുഴയ്ക്കുന്നതിന് ആവശ്യമായ ജലം ചേരുവകളിൽ നിന്ന് തന്നെ ലഭിക്കും. പോരാ എന്നു തോന്നിയാൽ അല്പം വെള്ളം കൂടി ചേർത്ത് കുഴയ്ക്കുക. അതിനുശേഷം ഒരു പരന്ന പാത്രത്തിൽ കുഴച്ച മാവ് പരത്തി മുകളിൽ കുരുത്തോല കുരുശാകൃതിയിൽ വയ്ക്കുക. തുടർന്ന് പാത്രത്തിലെ അപ്പം ആവി പാത്രത്തിൽ വേവിക്കാൻ വയ്ക്കുക. പാകമായതിനുശേഷം വാങ്ങി തണുക്കാൻ വയ്ക്കുക. വൃത്തിയും വെടിപ്പുമുള്ള സ്ഥലത്ത് അപ്പം മുറിക്കുന്നതുവരെ സൂക്ഷിക്കുക.

കുരിശപ്പം പാകം ചെയ്യുന്ന അതേ ചേരുവകൾ ഉപയോഗിച്ച് കുരിശ് വയ്ക്കാതെ ഇലകളിൽ ഇണ്ടറിയപ്പം ഉണ്ടാക്കാവുന്നതാണ്.

## പാൽകാച്ചുന്ന വിധം

| | | |
|---|---|---|
| തേങ്ങാപാൽ | - | 1 ലിറ്റർ |
| ശർക്കരയുണ്ട | - | 3 വലുത് (മധുരം ചേരാൻ മാത്രം) |
| ജീരകം | - | 3 ടേബിൾ സ്പൂൺ |

ഏലയ്ക്കാ, ചുക്ക് (ആവശ്യത്തിന്)

ശർക്കര ഉരുക്കി അരിച്ചെടുത്ത് തേങ്ങാപാലിൽ ചേർക്കുക. ജീരകം നന്നായി അരച്ച് എടുക്കുക. ഏലയ്ക്കായും ചുക്കും കൂടി പാലിൽ ചേർത്ത് ഇളക്കുക. ഒരു പാളയൻകോടൻ പഴം കനം കുറച്ച് വട്ടത്തിൽ അരിഞ്ഞ് പാലിൽ ഇടുക. അതിനുശേഷം കുരുത്തോല കുരിശാകൃതിയിൽ വച്ച് പാലിൽ ഇട്ട് പാല് അടുപ്പിൽ വച്ച് ഇളക്കി കാച്ചണം. പഴം വെന്തുകഴിയുമ്പോൾ പാൽ പാകമാകും എന്നാണ് കണക്ക്. പാകമായ പാൽ അടുപ്പത്തുനിന്ന് വാങ്ങി വന്ദ്യമായി സൂക്ഷിക്കുക.

കടപ്പാട് — സിസ്റ്റർ മേരി ജോൺ എസ്.എച്ച്
ദർശകൻ — മാത്യു ഫിലിപ്പ് കാവാലം

# നിയമബോധനം

അത്യാവശ്യം അറിഞ്ഞിരിക്കേണ്ട  നിയമങ്ങൾ

**ബോബൻ മണ്ണാറാത്ത്**

അഡ്വക്കേറ്റ് & നോട്ടറി പബ്ലിക്ക്,  പൊൻകുന്നം. 9447 525 615

## കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷനിലൂടെ നമുക്കു ലഭിക്കുന്ന/സഹായപദ്ധതികൾ

നിയമങ്ങൾ പ്രയോഗത്തിൽ വരുത്തുമ്പോഴാണ് അവയ്ക്ക് ജീവനുണ്ടാകുന്നത്. വൈകിയും വളച്ചൊടിച്ചും ലഭിക്കുന്ന നീതിയാവട്ടെ ഏറ്റവും വലിയ അനീതിയും. ഭരണഘടന വിഭാവനം ചെയ്ത അവകാശങ്ങൾ പലതും വൈകി ലഭിച്ച വിഭാഗമാണ്. ന്യൂനപക്ഷങ്ങൾ സമൂഹത്തിലെ പാർശവത്കൃതരും പിന്നോക്കം നിൽക്കുന്നവരുമായ ജനവിഭാഗത്തെ മുഖ്യധാരയിലെത്തിക്കുന്നതിനായി 2014 ൽ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ രൂപീകരിക്കുകയും ന്യൂനപക്ഷങ്ങളുടെ സമഗ്രമായ വിദ്യാഭ്യാസപുരോഗതിക്കും ക്ഷേമത്തിനും, സംരക്ഷണത്തിനും, ശാക്തീകരണത്തിനും വേണ്ടി ഒരു സംസ്ഥാന കമ്മീഷൻ രൂപീകരിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ, അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾ ക്കുംവേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള ആക്ട് 2013 മെയ് മാസത്തിൽ നിലവിൽ വന്നിട്ടുള്ളതുമാണ്.

ഈ ആക്ടിൻപ്രകാരം സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ന്യൂനപക്ഷ സമുദായത്തിൽപ്പെട്ടതും നിയമപരിജ്ഞാനവുമുള്ള ഒരു ചെയർപേഴ്സനും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന സംസ്ഥാനത്തെ മറ്റൊരു ന്യൂനപക്ഷ സമുദായത്തിൽപ്പെട്ടതും ന്യൂനപക്ഷവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ അറിവുള്ളയാളുമായ ഒരംഗവും അതേ യോഗ്യതകളുള്ളതും അത്തരം കാര്യങ്ങളിൽ പ്രവർത്തനമികവ് തെളിയിച്ചി ട്ടുള്ളതുമായ ഒരു വനിതയും മെമ്പർ സെക്രട്ടറിയും അംഗങ്ങളായ ന്യൂനപക്ഷ കമ്മീഷന് സംസ്ഥാനത്തിന്റെ ഏതു ഭാഗത്തുനിന്നും ഏതൊരാളെയും വിളിച്ചു വരുത്തുന്നതിനും സത്യ പ്രതിജ്ഞയിന്മേൽ അയാളെ വിസ്തരിക്കുന്നതിനും ഏതെങ്കിലും കോടതിയിൽ നിന്നോ ആഫീസുകളിൽ നിന്നോ മറ്റു സ്ഥാപനങ്ങളിൽ നിന്നോ ഏതെങ്കിലും പൊതുരേഖയോ, അതിന്റെ പകർപ്പോ ആവശ്യപ്പെടുന്നതിനും കമ്മീഷന്റെ അന്വേഷണത്തിന്റെ വിഷയത്തിന് ആസ്പദമായതോ പ്രസക്തമായതോ

ആയ ഏതെങ്കിലും കാര്യമോ വിഷയമോ സംബന്ധിച്ച് വിവരം നൽകുന്നതിന് ഏതൊരു വ്യക്തിയോടും ആവശ്യപ്പെടുവാൻ കമ്മീഷന് അധികാരമുണ്ട്. കൂടാതെ ന്യൂനപക്ഷ കമ്മീഷന് സംസ്ഥാന സർക്കാരിന്റെ ഏതൊരു ഉദ്യോഗസ്ഥന്റെയോ അന്വേഷണ ഏജൻസിയുടെയോ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്.

**ന്യൂനപക്ഷ സമുദായങ്ങൾ**

മുസ്ലിം, ക്രസ്ത്യൻ, സിക്ക്, ബുദ്ധിസ്റ്റ്, പാർസി, ജൈനമതം എന്നിവയാണ് ന്യൂനപക്ഷ സമുദായങ്ങൾ. സംസ്ഥാനത്ത് ന്യൂനപക്ഷങ്ങളുടെ വികസനത്തിലുണ്ടായിട്ടുള്ള പുരോഗതി വിലയിരുന്നതിനും, ന്യൂനപക്ഷങ്ങൾക്ക് സാമൂഹികവും, സാമ്പത്തികവും, വിദ്യാഭ്യാസപരവും ഭാഷാപരവുമായ അവകാശങ്ങളും, സംരക്ഷണ വ്യവസ്ഥകളും ആനുകൂല്യങ്ങളും നഷ്ടപ്പെടുത്തുന്നതിനേക്കുറിച്ചുള്ള പ്രത്യേക പരാതികളിന്മേൽ കമ്മീഷൻ അന്വേഷണം നടത്തുകയും തെളിവെടുപ്പു നടത്തുകയും പരിഹാര നടപടികൾ നിർദ്ദേശിക്കുന്നതുമാണ്.

**പരാതി സമർപ്പിക്കേണ്ട വിധം**

ന്യൂനപക്ഷങ്ങളെ/ ന്യൂനപക്ഷ സ്ഥാപനങ്ങളെ/ന്യൂനപക്ഷ സമുദയാംഗങ്ങളെ ബാധിക്കുന്ന ഏതൊരു വിഷയത്തെ കുറിച്ചും അവകാശനിഷേധത്തെ കുറിച്ചും ആർക്കും കമ്മീഷനിൽ പരാതിപ്പെടാവുന്നതാണ്. വെള്ളപേപ്പറിൽ തയ്യാറാക്കിയ പരാതി തപാൽ മാർഗ്ഗമേ കമ്മീഷൻ സിറ്റിംഗ് നടത്തുന്ന സ്ഥലങ്ങളിൽ കമ്മീഷൻ അംഗങ്ങൾക്കു നേരിട്ടോ തിരുവനന്തപുരത്തെ ആഫീസിൽ നേരിട്ടോ സമർപ്പിക്കാവുന്നതാണ്. പരാതി സമർപ്പിക്കുന്നതിന് ഫീസില്ല. പരാതിയിൽ പരിഹാരം കാണേണ്ട വിഷയം, ഏത് അധികാര/സ്ഥാപനമാണ് പരിഹാര നടപടികൾ സ്വീകരിക്കേണ്ടത് എന്നിവ വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. പരാതിക്കാരന്റെയും എതൃകക്ഷികളുടെയും പേരും പൂർണ്ണമായ വിലാസവും പിൻകോഡും ലഭ്യമെങ്കിൽ മൊബൈൽ ഫോൺ/ലാന്റ് ഫോൺ നമ്പരും രേഖപ്പെടുത്തണം. പരാതി സംഗതിയുമായി ബന്ധപ്പെട്ട രേഖകളുടെ പകർപ്പുകൾ എതൃകക്ഷികളുടെ എണ്ണത്തിന് അനുസ്യതമായ ഹർജി പകർപ്പുകൾ എന്നിവ കൂടി പരാതിയോടൊപ്പം നൽകേണ്ടതാണ്. പരാതികൾ സമർപ്പിക്കുന്നതിനും കൂടുതൽ വിവരങ്ങൾ അന്വേഷിക്കുന്നതിനുമായി 0471- 2315133, 2315122, 2317122, 2316122 എന്നീ

നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്. Fax No.0471-2319122, email kscminorities @ gmail.com. വ്യാജപേരിലും വിലാസത്തിലും ഉള്ളതും, ശരിയായ വിലാസവും പേരും ഒപ്പും ഇല്ലാത്തതും അവ്യക്തവും ഗൗരവസ്വഭാവമില്ലാത്തതുമായുള്ള പരാതികൾ, മറ്റാർക്കെങ്കിലും അയച്ച പരാതിയുടെ പകർപ്പുകൾ ന്യൂനപക്ഷങ്ങളുമായോ ന്യൂനപക്ഷസ്ഥാപനങ്ങളുമായോ ബന്ധമില്ലാത്ത വിഷയങ്ങൾ അടങ്ങിയ പരാതികൾ സ്വീകരിക്കുന്നതല്ല. അതുപോലെ തന്നെ ഏതെങ്കിലും കോടതികളുടെയോ അർദ്ധ ജുഡിഷ്യൽ സ്ഥാപനങ്ങളുടെയോ പരിഗണനയിൽ ഇരുന്നുവരുന്ന വിഷയങ്ങളും കാലഹരണദോഷമുള്ള വിഷയങ്ങളിലുമുള്ള പരാതികളും സ്വീകരിക്കുകയില്ല.

**പരാതികൾ അയക്കേണ്ട വിലാസം**

രജിസ്ട്രാർ, കേരളസംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ
ആജ്ഞനേയ റ്റി.സി. 9/1023(2) ശാസ്തമംഗലം
തിരുവനന്തപുരം - 695010.

1992 ലെ നാഷണൽ കമ്മീഷൻ ഫോർ മൈനോറിറ്റീസ് ആക്ട് പ്രകാരം ദേശീയ ന്യൂനപക്ഷ കമ്മീഷൻ നിലവിലുള്ളതും ന്യൂനപക്ഷങ്ങളെയും ന്യൂനപക്ഷ സ്ഥാപനങ്ങളെയും ബാധിക്കുന്നതും മറ്റെല്ലാ പരിഹാര മാർഗ്ഗങ്ങളെ സമീപിച്ചിട്ടും പരിഹാരം ലഭിക്കാത്തതുമായ വിഷയങ്ങളെ സംബന്ധിച്ച് ദേശീയ ന്യൂനപക്ഷ കമ്മീഷന് പരാതിപ്പെടാവുന്നതാണ് അഡ്രസ് National Minorites Commission , 5th floor, Lok Nayak Bhavan, New Delhi 110003.

**വിവിധ ക്ഷേമപദ്ധതികൾ**

വിധവകളും വിവാഹബന്ധം വേർപ്പെടുത്തിയവരും ഉപേക്ഷിക്കപ്പെട്ടവരുമായ ന്യൂനപക്ഷ മതവിഭാഗത്തിൽപ്പെട്ട സ്ത്രീകൾക്ക് 2 ലക്ഷം രൂപ തിരിച്ചടക്കേണ്ടതില്ലാത്ത സഹായ പദ്ധതിക്ക് തിരുവനന്തപുരത്ത് വികാസ് ഭവനിന്റെ നാലാം നിലയിൽ പ്രവർത്തിക്കുന്ന ന്യൂനപക്ഷ ക്ഷേമഡയറക്ടറേറ്റുമായി ബന്ധപ്പെടാവുന്നതാണ്. 20% സീറ്റുകൾ ക്രിസ്ത്യൻ വിഭാഗത്തിൽപ്പെടുന്നവർക്കായി സംവരണം ചെയ്തിട്ടുള്ള കരിയർ ഗൈഡൻസ് പരിശീലന പദ്ധതിയിൽ എസ്.എസ്.എൽ.സി., +2, വൊക്കേഷണൽ ഹയർസെക്കൻഡറി എന്നീ കോഴ്സുകൾക്കു പഠിക്കുന്ന വിദ്യാർത്ഥികൾക്ക് അവരുടെ അഭിരുചിക്കനുസരിച്ച്

ഉത്തമപഠന കോഴ്സുകൾ തെരഞ്ഞെടുക്കുന്നതിനുള്ള പരിശീലനം ലഭ്യമാകുന്നു. (ഇക്കാര്യത്തിൽ കൂടുതൽ വിവരങ്ങൾ കോട്ടയം ജില്ല കളക്ട്രേറ്റിൽ പ്രവർത്തിക്കുന്ന ന്യൂനക്ഷക്ഷേമസെല്ലിൽ നിന്നും ലഭിക്കുന്നതാണ്. ഫോൺ 0481- 2562201, 2563425)

ഗ്രാമങ്ങളിൽ 81,000/- രൂപയും, നഗരങ്ങളിൽ 103000/- രൂപയിലും താഴെ വരുമാനപരിധിയുള്ള ന്യൂനപക്ഷങ്ങളിലെ ദുർബലവിഭാഗങ്ങൾക്ക് കുറഞ്ഞ പലിശ നിരക്കിൽ കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പേറേഷൻ (KSMDFC) വഴി വായ്പ ലഭ്യമാണ്. അഡ്രസ് Kurdfc Building **ചക്കോരത്തുകുളം വെസ്റ്റ്ഹിൽ പി.ഒ, നടക്കാവ് കോഴിക്കോട് 673005**, സ്വയം തൊഴിൽ സംരംഭത്തിന് വായ്പയായി 2 മുതൽ 6% വരെ പലിശ നിരക്കിൽ 10 ലക്ഷം രൂപവരെയും, ബിസിനസ്സ് വിപുലീകരണത്തിന് 7% നിരക്കിൽ 5 ലക്ഷം രൂപവരെയും, വിദേശ നാടുകളിൽ ജോലി നേടുന്നതിന് വിസാവായ്പയായി 5% നിരക്കിൽ 3 ലക്ഷം രൂപ വരെയും, പ്രൊഫഷണൽ /ടെക്നിക്കൽ കോഴ്സുകളിൽ ചേരുവാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് 3% പലിശ നിരക്കിൽ സ്വദേശത്തു പഠിക്കുവാൻ 7.5 ലക്ഷം രൂപയും, വിദേശത്തു പഠിക്കുവാൻ 20 ലക്ഷം രൂപയും, ഈ സ്ഥാപനത്തിലൂടെ വായ്പ ലഭിക്കും അതുപോലെ തന്നെ കുട്ടികളുടെ വിദ്യാഭ്യാസത്തിനായി രക്ഷിതാക്കൾക്ക് വരുമാനപരിധിയില്ലാതെ 7% പലിശ നിരക്കിൽ 5 ലക്ഷം രൂപ വരെ വായ്പ ലഭിക്കുന്നതാണ്.

കുടുംശ്രീ അയൽകൂട്ടങ്ങൾ വഴി ഏറ്റവും ദരിദ്രരായവർക്ക് ചെറുകിട സംരംഭങ്ങളിലോ തൊഴിലുകളിലോ ഏർപ്പെടുന്നതിനുവേണ്ടി സർക്കാരേതര സന്നദ്ധ സംഘടനകൾ വഴി 2% പലിശ നിരക്കിൽ 2.5 ലക്ഷം രൂപ വരെ നൽകുന്നതിനും, കേന്ദ്ര/സംസ്ഥാന/സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്ക് മക്കളുടെ പ്രൊഫഷണൽ വിദ്യാഭ്യാസം പെൺമക്കളുടെ വിവാഹം കുടുംബാംഗങ്ങളുടെ ചികിത്സാചിലവ്, വീട് പുനരുദ്ധാരണം സ്വന്തം ആവശ്യത്തിന് വാഹനം വാങ്ങുക തുടങ്ങിയ ആവശ്യങ്ങൾക്കും 7% പലിശ നിരക്കിൽ 3 ലക്ഷം രൂപ വരെയും വായ്പ ലഭിക്കും.

കോട്ടയത്ത് നാഗമ്പടത്ത് പ്രവർത്തിക്കുന്ന കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസനകോർപ്പറേഷൻ വഴി നടപ്പിലാക്കിവരുന്ന സംസ്ഥാന വായ്പ പദ്ധതികളുടെയും, സ്കൂൾ, കോളേജ് തലങ്ങളിൽ പഠിക്കുന്ന കുട്ടികൾക്ക് ലഭ്യമാവുന്ന സ്കോളർഷിപ്പുകളുടെയും വിവരങ്ങൾ അടുത്ത ലക്കത്തിൽ പ്രസിദ്ധീകരിക്കുന്നതാണ്.


Ajay V Joseph B.Tech, M.Tech
Civil Engineering
Structural Engineering & Construction Mgt.
Licensed A-Grade Civil/Structural Engineer
Email: ajayvattakkattu@gmail.com
Vattakkattu
Constructions
Architects | Engineers | Builders | Developers
Building Permits
Plan, Estimate
Contracting
Interior Design
Structural Design
Architectural Design
Near RT Office, PP Road, Ponkunnam
Ph: 04828 221822, 9895222153
Near Kurisumkal Junction, KK Road, Kanjirappally
Ph: 8281525651, 8592053383


Oasis Leisure Tours
എയർ ടിക്കറ്റ്
ബസ് ടിക്കറ്റ്
ട്രെയിൻ ടിക്കറ്റ്
വിസിറ്റിംഗ് വിസ
ഹൗസ് ബോട്ട് ബുക്കിംഗ്
പാസ്പോർട്ട്
ടൂർ പാക്കേജ്
TURKISH
DAILY TRIPS TO BANGALORE, CHENNAI
എല്ലാ വെള്ളിയാഴ്ചകളിലും വേളാങ്കണ്ണി തീർത്ഥാടനം
Kalappurackal Building, P.P. Road, Ponkunnam
04828 222416,09447 356651